

# പുനർവിവാഹജീവിതം സന്തോഷകരമാക്കാം



**സന്ധ്യാറാണി എൽ.**
ചൈൽഡ് & ഫാമിലി കൗൺസിലർ
Consolace Counselling Services
തിരുവനന്തപുരം, ചങ്ങനാശ്ശേരി
ഫോൺ – 9388183153

പുനർവിവാഹം ഇന്ന് അപരിചിതമായൊരു വാക്കല്ല. പലകാരണങ്ങളാൽ വിവാഹമോചനം നേടിയവരും ജീവിതപങ്കാളിയെ നഷ്ടപ്പെട്ടവരുമെല്ലാം പുനർവിവാഹത്തിനു തയ്യാറാവുന്നു. ജീവിതയാത്രയിൽ ഒരു കൂട്ടുവേണമെന്ന തോന്നലാണ് അവരെ ഇതിന് പ്രേരിപ്പിക്കുന്നത്.

ഒറ്റപ്പെടൽ ഒഴിവാക്കാനും പുതിയൊരു ജീവിതം കെട്ടിപ്പടുക്കാനും പുനർവിവാഹങ്ങൾ സഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ പുനർവിവാഹിതരിലും വിവാഹമോചനങ്ങൾ കൂടുകയാണ്.

ആദ്യ വിവാഹത്തിലെ എല്ലാ വെല്ലുവിളികളും പുനർവിവാഹത്തിലും നിലനിൽക്കുന്നുണ്ടെങ്കിലും മക്കൾ, സ്വത്തുവിഭജനം തുടങ്ങി ആദ്യ വിവാഹത്തിൽ പ്രത്യക്ഷമല്ലാതിരുന്ന ചില കാരണങ്ങൾ കൂടി പുനർവിവാഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കോളേജ് അധ്യാപികയാണ് മീര. പഠനം കഴിഞ്ഞയുടൻ വീട്ടുകാർ അവളെ വിവാഹം കഴിപ്പിച്ചയച്ചു. ഭർത്താവും വീട്ടുകാരും അവളോട് ഏറെ സ്നേഹത്തോടെയാണ് ഇടപെട്ടിരുന്നത്. സന്തോഷകരമായ ദാമ്പത്യത്തിനിടെ അവർക്ക് ഒരു മകൾ ജനിച്ചു. ഒരു വർഷം കൂടി കഴിഞ്ഞപ്പോഴാണ് അവൾക്ക് സ്വന്തം വീടിന് അടുത്തുള്ള കോളേജിൽ ജോലി ശരിയാവുന്നത്.

ഭർത്താവിന്റെ അനുവാദത്തോടെ തന്നെ അവൾ ആ ജോലി സ്വീകരിച്ചു. തത്കാലികമായി അവൾ സ്വന്തം വീട്ടിൽ താമസമാക്കി. ഒരു അവധിദിനത്തിൽ പതിവു പോലെ കുഞ്ഞിനേയും കൊണ്ട് ഭർതൃവീട്ടിൽ എത്തിയ അവൾ വലിയൊരു വഴക്കിന് സാക്ഷിയായി. തന്റെ ഭർത്താവിന് മറ്റൊരു സ്ത്രീയുമായുള്ള ബന്ധത്തെ ചൊല്ലിയാണ് ആ വഴക്കെന്ന് അറിഞ്ഞതോടെ അവൾ ആകെ തകർന്നു പോയി.

പിന്നീടുള്ള അന്വേഷണത്തിൽ ഇക്കാര്യം സത്യമാണെന്ന് ബോധ്യപ്പെട്ടതോടെ അവൾ വിവാഹമോചനം നേടി. ജോലിയും കുഞ്ഞുമായി തന്റേതായൊരു ലോകത്തിൽ ജീവിക്കുമ്പോഴും വീട്ടുകാർ അവളെ മറ്റൊരു വിവാഹത്തിന് നിർബന്ധിച്ചു കൊണ്ടിരുന്നു. എന്നാൽ ഇനിയൊരു വിവാഹം വേണ്ടെന്ന നിലപാടിലായിരുന്നു അവൾ. ഒരു സഹപ്രവർത്തകയുടെ

> **പുതിയ ചുവടുവെയ്പാണ് പുനർവിവാഹം. മുൻ വിവാഹത്തിൽ നിന്ന് നിങ്ങൾ പലതും പഠിച്ചിട്ടുണ്ടാകും. ഒരു വിവാഹമോചനത്തിനു ശേഷമാണ് വിവാഹത്തിനൊരുങ്ങുന്നതെങ്കിൽ മുൻ വിവാഹത്തിലെ ശരിതെറ്റുകൾ വിലയിരുത്തുക.**

വീട്ടിൽ നടന്ന പിറന്നാളാഘോഷത്തിനിടെയാണ് മീര സ്റ്റീഫനെ പരിചയപ്പെടുന്നത്. പിന്നീട് സാമൂഹ്യമാധ്യമം വഴി അവർ സൗഹൃദം നിലനിർത്തി. ബാങ്ക് ഉദ്യോഗസ്ഥനായ സ്റ്റീഫന്റെ ഭാര്യ രണ്ടു വർഷം മുൻപ് കാറപകടത്തിൽ മരിച്ചു പോയിരുന്നു.

സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള സംസാരം ഇരുവരേയും അടുപ്പിച്ചു. ഇരുവീട്ടുകാർക്കും ഈ ബന്ധത്തിൽ താത്പര്യമുണ്ടായിരുന്നില്ല. എതിർപ്പിനെ വകവയക്കാതെ തന്നെ അവർ വിവാഹിതരായി. ഒരു വാടക വീടെടുത്ത് താമസം ആരംഭിച്ചു. കുഞ്ഞിനോട് സ്റ്റീഫൻ സ്നേഹത്തോടെ പെരുമാറുന്നതു കാണുമ്പോഴൊക്കെ തന്റെ തീരുമാനം ശരിയായിരുന്നുവെന്ന് മീര ആശ്വസിച്ചു.

അവർക്ക് ഒരു ആൺകുഞ്ഞു ജനിച്ചതോടെയാണ് പ്രശ്നങ്ങളുടെ തുടക്കം. മൂത്ത കുട്ടി കുഞ്ഞിനെ ഉപദ്രവിക്കുന്നുവെന്ന് സ്റ്റീഫൻ പരാതിപ്പെടാൻ തുടങ്ങി. ഇരുവരും കളിക്കുന്നതിനിടെ കുഞ്ഞ് കരഞ്ഞാലുടൻ സ്റ്റീഫൻ മൂത്ത കുട്ടിയെ അടിക്കും. ഒരു ദിവസം വീട്ടിലെത്തിയ മീര കാണുന്നത് മകളെ സ്റ്റീഫൻ ഒരു മുറിയിൽ അടച്ചിട്ടിരിക്കുന്നതാണ്. ഇതു ചോദ്യം ചെയ്തപ്പോൾ ഇളയ കുഞ്ഞിനെ ഉപദ്രവിക്കാതിരിക്കാനാണെന്ന മറുപടിയാണ് കിട്ടിയത്. മൂത്തകുട്ടിയാകട്ടെ, സ്റ്റീഫനെ കാണുമ്പോൾ പേടിച്ച് നിലവിളിക്കാൻ തുടങ്ങി.

പെട്ടെന്നുണ്ടായ പ്രശ്നങ്ങൾ മകളുടെ മനസ്സിനെ ബാധിക്കുന്ന ഘട്ടം എത്തിയപ്പോഴാണ് മീര കൗൺസിലിംഗ് സെന്ററിലെത്തിയത്. സ്റ്റീഫന്റെ പെട്ടെന്നുള്ള ഭാവമാറ്റം ഉൾക്കൊള്ളാൻ കഴിയാത്തതായിരുന്നു ഇരുവരുടേയും പ്രശ്നം. സ്റ്റീഫനാകട്ടെ പുതിയ കുഞ്ഞിനെ ഭാര്യ വേണ്ടത്ര സ്നേഹിക്കുന്നുണ്ടോ എന്ന സംശയമായിരുന്നു.



ഇരുവരേയും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. മൂത്ത കുട്ടിയുടെ മനസ്സിലാകട്ടെ സ്റ്റീഫൻ ഒരു പേടിസ്വപ്നമായിരുന്നു.അത് പെട്ടെന്ന് തുടച്ചു മാറ്റാൻ എളുപ്പമല്ലെങ്കിലും സ്നേഹപൂർണ്ണമായ പെരുമാറ്റത്തിലൂടെ മകളോട് അടുക്കാൻ അയാൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു.

## തെറ്റുകൾ ആവർത്തിക്കരുത്

പുതിയ ചുവടുവെയ്പ്പാണ് പുനർവിവാഹം. മുൻ വിവാഹത്തിൽ നിന്ന് നിങ്ങൾ പലതും പഠിച്ചിട്ടുണ്ടാകും. ഒരു വിവാഹമോചനത്തിനു ശേഷമാണ് വിവാഹത്തിനൊരുങ്ങുന്നതെങ്കിൽ മുൻ വിവാഹത്തിലെ ശരിതെറ്റുകൾ വിലയിരുത്തുക. പൂർണ്ണമായും ഒരാളുടെ മാത്രം തെറ്റു കൊണ്ട് വിവാഹമോചനത്തിലെത്താനുള്ള സാധ്യത കുറവാണ്.

സ്വതന്ത്രമായി ചിന്തിച്ച് ആദ്യ വിവാഹത്തിൽ തന്റെ ഭാഗത്തു നിന്നുണ്ടായ പിഴവുകൾ മനസ്സിലാക്കുക. തെറ്റുകൾ സംഭവിച്ചിരിക്കാം; അത് ആവർത്തിക്കാതിരിക്കുക എന്നതാണ് പുനർവിവാഹത്തിനൊരുങ്ങുമ്പോൾ ആദ്യം ഓർമ്മിക്കേണ്ടത്. മുൻ വിവാഹം പരാജയപ്പെടാൻ ഉണ്ടായ കാരണങ്ങളും സാഹചര്യങ്ങളും പുനർവിവാഹത്തിലുംഉണ്ടായേക്കാം.അതു കൊണ്ട് പെട്ടെന്നൊരു തീരുമാനത്തിലേയ്ക്ക് എത്തരുത്.

ആദ്യ വിവാഹത്തേക്കാൾ കരുതലോടെ വേണം പുനർവിവാഹത്തിനൊരുങ്ങാൻ. ആദ്യ വിവാഹത്തിൽ എന്താണോ നഷ്ടപ്പെട്ടിരുന്നത് അതാണ് മിക്കവരും പുനർവിവാഹത്തിൽ തേടുന്നത്. ആദ്യ പങ്കാളിയ്ക്ക് ഇല്ലാതിരുന്ന ഗുണഗണങ്ങൾ പുതിയ പങ്കാളിയ്ക്ക് ഉണ്ടായേക്കാം. എന്നാൽ ആദ്യ പങ്കാളിയിൽ നിങ്ങൾ ശ്രദ്ധിക്കാതെ പോയിരുന്ന പല ഗുണങ്ങളും പുതിയ പങ്കാളിയക്ക് ഉണ്ടായില്ല എന്നു വരാം.

ആദ്യ വിവാഹത്തിൽ നിന്ന് പൂർണ്ണമായും മോചനം നേടിയ ശേഷം മാത്രമേ പുനർവിവാഹത്തിനൊരുങ്ങാവൂ. ഒരു വാശിയ്ക്കോ മാതാപിതാക്കളെ സന്തോഷിപ്പിക്കാനോ വേണ്ടി ഒരിക്കലും വീണ്ടും വിവാഹം കഴിക്കരുത്. വിവാഹത്തിനു മുൻപ് പുതിയ പങ്കാളിയെ മനസ്സിലാക്കുക. നിങ്ങളുടെ പ്രതീക്ഷകളും സങ്കൽപ്പങ്ങളും പങ്കുവയ്ക്കുന്നതോടൊപ്പം ആദ്യ വിവാഹത്തിൽ നിന്നുണ്ടായ ആശങ്കകളും തുറന്നു സംസാരിക്കാം.

‘തന്റേതല്ലാത്ത കാരണത്താൽ വിവാഹമോചനം നേടിയ’ എന്ന സംബോധനയോടെയാണ് പല വിവാഹപരസ്യങ്ങളും തുടങ്ങുന്നത്. തന്റെ ഭാഗത്ത് ഒരു തെറ്റും ഉണ്ടായിരുന്നില്ല, എല്ലാം പങ്കാളിയുടെ കുറ്റമായിരുന്നു എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നതാണ് ഈ പരസ്യങ്ങൾ. ഈ ഒരു മനോഭാവത്തോടെ ഒരിക്കലും പുതിയ പങ്കാളിയെ സമീപിക്കരുത്. പകരം തന്റെ ജീവിതത്തിൽ സംഭവിച്ചതെന്താണെന്ന് തുറന്നു പറയുക. തന്റെ പ്രവൃത്തികൾ തെറ്റായിരുന്നു എന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതും പറയാം.

ഒരു വിലയിരുത്തലിന് അവസരം നൽകണം. കാര്യങ്ങളെല്ലാം അറിഞ്ഞു കൊണ്ടു തന്നെ അവർ നിങ്ങളെ സ്വീകരിക്കുമ്പോൾ മാത്രമേ ആ ബന്ധം നിലനിൽക്കൂ. എന്തെങ്കിലും ഒളിച്ചുവയ്ക്കാൻ ശ്രമിച്ചു എന്ന തോന്നൽ പോലും വലിയ വഴക്കുകൾക്ക് വഴിവച്ചേക്കാം.

## കുട്ടികളെ അവഗണിക്കരുത്

കുട്ടികളെ ചൊല്ലിയാണ് പല പുനർവിവാഹങ്ങളും വേർപിരിയുന്നത്. പുതിയ പങ്കാളി ആദ്യ ബന്ധത്തിലെ കുട്ടിയോട് വേണ്ടത്ര സ്നേഹം കാണിക്കുന്നില്ല എന്നത് പുനർവിവാഹിതർക്കിടയിലെ സ്ഥിരം പരാതിയാണ്. ഇവിടെ മനസ്സിലാക്കാതെ പോകുന്ന ഒരു കാര്യം ബയോളജിക്കൽ പാരന്റായ നിങ്ങൾ കുട്ടിയ്ക്കു നൽകുന്ന അതേ പരിഗണനയും സ്നേഹവും പുതിയ പങ്കാളിയ്ക്ക് നൽകാൻ കഴിയണമെന്നില്ല എന്നതാണ്.

ഇത് അംഗീകരിച്ചു കൊണ്ടു തന്നെ വേണം പുതിയ വിവാഹബന്ധത്തിലേക്കു കടക്കാൻ. എന്നാൽ കുട്ടിയെ ഒറ്റപ്പെടുത്തുകയോ വേർതിരിച്ചു കാണുകയോ പാടില്ലെന്ന് നിർബന്ധം പിടിക്കാം. കുട്ടിയും പുതിയ പങ്കാളിയുമായി ആരോഗ്യകരമായ ഒരു ബന്ധം വിവാഹത്തിനു മുൻപേ വളർത്തിയെടുക്കുന്നതും നല്ലതാണ്. പുതിയ വിവാഹത്തിനു തയ്യാറെടുക്കുമ്പോൾ തന്നെ കുട്ടികളുടെ ഉത്കണ്ഠകളും പരിഗണിക്കണം.



ഏതുപ്രായത്തിലുള്ള കുട്ടികളായാലും കുടുംബത്തിലേയ്ക്ക് പെട്ടെന്നൊരാൾ വരുന്നത് അവർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞെന്നു വരില്ല. മുതിർന്ന കുട്ടികളാണെങ്കിൽ ഈ വിഷയത്തെപ്പറ്റി അവരുമായി സംസാരിക്കാം. അവരുടെ ആശങ്കകൾ അതെന്തു തന്നെയായാലും ക്ഷമയോടെ കേൾക്കുന്നത് ഗുണം ചെയ്യും. നിങ്ങൾ അവരെ പരിഗണിക്കുന്നു എന്നൊരു തോന്നൽ അവരിൽ വളർത്താൻ ഇതിലൂടെ കഴിയും.

വിവാഹത്തോടെ ഇതുവരെ അച്ഛന് അല്ലെങ്കിൽ അമ്മയ്ക്ക് തന്നോടുണ്ടായിരുന്ന സ്നേഹം കുറഞ്ഞു പോയേക്കുമോ എന്ന ഭയം അവരുടെ ഉള്ളിൽ ഉണ്ടാകും. എന്നാൽ എന്തു സംഭവിച്ചാലും അവർ നിങ്ങളുടെ പ്രിയപ്പെട്ട കുഞ്ഞായിരിക്കുമെന്ന് ഉറപ്പു നൽകാം. നമ്മുടെ ജീവിതത്തിലേയ്ക്ക് പുതിയൊരാൾ വരുന്നുവെന്ന് അവരെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കണം.

ഒറ്റയ്ക്കു കഴിയുന്ന രക്ഷിതാവിനൊപ്പം ജീവിച്ച കുട്ടി പുതിയ പങ്കാളിയുടെ കടന്നു വരവിനെ സംശയത്തോടെയാവും വീക്ഷിക്കുക. പുതിയ പങ്കാളി നല്ലവനല്ലെന്ന് ചിലപ്പോൾ അവർ മനസ്സിൽ ഉറപ്പിച്ചിട്ടുണ്ടാകും. അമ്മയെ അല്ലെങ്കിൽ അച്ഛനെ തനിക്കു തിരിച്ചു കിട്ടാൻ വേണ്ടി ഓരോ കാരണങ്ങൾ കണ്ടുപിടിച്ച് പുതിയ ബന്ധം തകർക്കാൻ ശ്രമിക്കുന്ന കുട്ടികളും കുറവല്ല. അതുപോലെ തന്നെ നിങ്ങൾ പുതിയ പങ്കാളിയെ ഇഷ്ടപ്പെടുന്നതു പോലെ കുട്ടിയ്ക്ക് സ്നേഹിക്കാൻ കഴിയണമെന്നില്ല.

അവരുടെ മനസ്സിൽ സ്വസ്ഥമായ ജീവിതത്തിലേയ്ക്കു കടന്നുവരുന്ന ഒരു അപരിചിതനാണ് പുതിയ പങ്കാളി. ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ ഏറെ സങ്കീർണ്ണമായി മാറിയേക്കാവുന്ന പ്രശ്നങ്ങളാണ് ഇതെല്ലാം. കുട്ടികളുടെ പ്രായം പരിഗണിച്ചു കൊണ്ട് അവർക്ക് മനസ്സിലാക്കാൻ പ



റ്റുന്ന രീതിയിൽ ഇക്കാര്യങ്ങൾ അവതരിപ്പിക്കുകയാണ് പോംവഴി. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ ഒരു കൗൺസിലറുടെ സഹായം തേടുക. ഒപ്പം പുതിയ പങ്കാളിയും കുട്ടിയും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ നിങ്ങളാൽ കഴിയാവുന്നതെല്ലാം ചെയ്യുക.

അതുപോലെ തന്നെ പുതിയ പങ്കാളിയ്ക്ക് കുട്ടികൾ ഉണ്ടെങ്കിൽ അവരോട് സ്നേഹത്തോടെ പെരുമാറാൻ നിങ്ങളും ശ്രദ്ധിക്കണം. കുട്ടികൾ തമ്മിലും ആരോഗ്യകരമായ ബന്ധം വളർത്തിയെടുക്കണം. നിസ്സാര കാര്യങ്ങൾക്ക് അവർ തമ്മിൽ വഴക്കിടുമ്പോൾ പോലും കൃത്യമായി ഇടപെട്ടില്ലെങ്കിൽ അത് ബന്ധത്തെ ബാധിക്കും. ആദ്യവിവാഹത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ മറ്റൊരു സാഹചര്യമാണ് പുനർവിവാഹത്തിൽ നിങ്ങളെ കാത്തിരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം വ്യക്തമായി ഉൾക്കൊണ്ടു കൊണ്ടു വേണം വിവാഹബന്ധത്തിലേയ്ക്കു കടക്കാൻ.

## സാമ്പത്തികവശങ്ങൾ അറിയണം

സ്വത്തുക്കളെ സംബന്ധിച്ചുള്ള തർക്കമാണ് പുനർവിവാഹങ്ങളെ വേർപിരിയലിലേയ്ക്കു നയിക്കുന്ന മറ്റൊരു ഘടകം. ആദ്യ വിവാഹത്തിലെ സാമ്പത്തിക ബാധ്യതകൾ കഴിയുന്നതും തീർത്തതിനു ശേഷമേ വീണ്ടും ഒരു ബന്ധത്തിലേയ്ക്കു കടക്കാവൂ. വിവാഹത്തിനു മുൻപു തന്നെ സ്വത്തു വിവരങ്ങളെ കുറിച്ച് പങ്കാളിയുമായി സംസാരിക്കാം. ആദ്യ ബന്ധത്തിൽ നിങ്ങൾക്കു വന്നിട്ടുള്ള ബാധ്യതകളെ കുറിച്ചും പറയണം. നിയമപരമായി ആദ്യ ബന്ധത്തിലെ കുട്ടിയ്ക്കു നിങ്ങളുടെ സ്വത്തിൻമേലുള്ള അവകാശത്തെ പറ്റിയും പുതിയ പങ്കാളിയെ ബോധ്യപ്പെടുത്തണം.

വിവാഹത്തിനു മുൻപേ ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തിയാൽ പിന്നീട് കലഹം ഒഴിവാക്കാം. ആദ്യവിവാഹത്തിലെ മകന് അല്ലങ്കിൽ മകൾക്ക് സ്വത്തിന്റെ ഒരു വിഹിതം നൽകുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ പലപ്പോഴും കൊലപാതകങ്ങളിലേയ്ക്കു വരെ നയിക്കാറുണ്ട്. ഇതിന് ദിവസവും എത്രയോ ഉദാഹരണങ്ങൾ നാം പത്രങ്ങളിൽ കാണുന്നു. അതു കൊണ്ടു തന്നെ ഏറെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണിത്.

ആദ്യവിവാഹത്തിലെ കുട്ടിയെ പുതിയ പങ്കാളിയ്ക്ക് സ്വന്തം കുട്ടിയായി കണക്കാക്കാൻ കഴിയാതെ വരുന്നതിനാലാണ് അവന് അല്ലെങ്കിൽ അവൾക്ക് സ്വത്തിന്റെ ഒരു പങ്ക് നൽകുന്നതിനെ അവർ എതിർക്കുന്നത്. തന്റെ മകന് അർഹതപ്പെട്ടത് മറ്റൊരാൾ തട്ടിയെടുക്കുന്നു എന്ന ചിന്തയായിരിക്കും അവരുടെ ഉള്ളിൽ. പുതിയ പങ്കാളി

യുമൊത്ത് ജീവിതം തുടങ്ങുന്നതിനു മുൻപു തന്നെ ഇക്കാര്യത്തിൽ ധാരണയുണ്ടാക്കണം. വേണമെങ്കിൽ ഒരു അഭിഭാഷകന്റെ സഹായവും തേടാം.

ആദ്യ വിവാഹത്തിലെ സാമ്പത്തിക ബാധ്യതകളെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്ന കാര്യത്തിലും വ്യക്തത വേണം. പുതിയ പങ്കാളിയ്ക്ക് കുട്ടികളുണ്ടെങ്കിൽ സ്വത്തുവിഭജിക്കുമ്പോൾ അവരേയും കണക്കിലെടുക്കേണ്ടി വരുമെന്ന കാര്യം നിങ്ങളും മനസ്സിലാക്കണം. അവരുടെ ചെലവുകൾ കൈകാര്യം ചെയ്യേണ്ടതെങ്ങനെയാണെന്ന കാര്യത്തിലും വിവാഹത്തിനു മുൻപ് ധാരണയുണ്ടാക്കണം. പുനർവിവാഹത്തിലെ സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കുന്നത് പലപ്പോഴും എളുപ്പമല്ല. വിവാഹത്തിനു മുൻപു തന്നെ ഒരു അഭിഭാഷകന്റെ സഹായത്തോടെ എല്ലാ കാര്യങ്ങളിലും ധാരണയുണ്ടാക്കുന്നത് സഹായകരമാകും.

**താരതമ്യം വേണ്ട**

"ഞാൻ എത്ര ശ്രമിച്ചാലും അതുപോലെയാകാൻ കഴിയില്ല, അതുകൊണ്ട് ഈ ബന്ധം എനിക്കു വേണ്ട" ആശ സങ്കടത്തോടെ പറഞ്ഞു. ആശയുടെ ആദ്യ വിവാഹമായിരുന്നു അത്. ഭർത്താവിന്റെ ആദ്യഭാര്യ ഒരു അപകടത്തിൽ മരണപ്പെട്ടിരുന്നു. ഭർതൃവീട്ടുകാരുടെ സാമ്പത്തികനില കൂടി കണക്കിലെടുത്താണ് ആശയുടെ വീട്ടുകാർ ഈ വിവാഹം ഉറപ്പിച്ചത്.

വിവാഹം കഴിഞ്ഞ് ആദ്യ ദിവസങ്ങളിൽ തന്നെ ഭർത്താവ് അവളോട് ആദ്യ വിവാഹത്തിന്റെ കഥകൾ പറഞ്ഞു കൊടുത്തു. ഭാര്യയെ നഷ്ടപ്പെട്ടതിനെപ്പറ്റി പറയുമ്പോഴൊക്കെ അദ്ദേഹം വികാരാധീനനായി. ആദ്യമൊക്കെ ഇതെല്ലാം ശ്രദ്ധാപൂർവം കേൾക്കുകയും മുൻ ഭാര്യയോടുള്ള സ്നേഹത്തെ ഉള്ളിൽ അഭിനന്ദിക്കുകയും ചെയ്തിരുന്നെങ്കിലും ഇത് പതിവായപ്പോൾ ആശയ്ക്ക് അത് ഉൾക്കൊള്ളാനായില്ല.

ആശ മുടി കെട്ടുമ്പോഴും ഒരുങ്ങുമ്പോഴും എല്ലാം മുൻഭാര്യ ഇങ്ങനെയായിരുന്നു എന്ന് ഭർത്താവ് പറയും. എല്ലാകാര്യങ്ങളിലും ഇങ്ങനെ താരതമ്യം ചെയ്തു തുടങ്ങിയപ്പോൾ അവർക്കിടയിൽ ചെറിയ വഴക്കുകൾ ഉടലെടുത്തു. ഭർത്താവ് തന്നെ ഒട്ടും പരിഗണിക്കുന്നില്ലെന്ന തോന്നൽ ഉണ്ടായപ്പോഴാണ് ആശ ഇങ്ങനെയൊരു തീരുമാനത്തിലേയ്ക്കെത്തിയത്.

'കേൾക്കുമ്പോൾ നിസ്സാരമായി തോന്നാമെങ്കിലും ഏറെ അപകടങ്ങൾ ഒളിഞ്ഞിരിക്കുന്നൊരു പ്രശ്നമാണ് താരതമ്യം'. ലോകത്തിൽ എല്ലാ വ്യക്തികളും അവരവർ ആയിരിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. മറ്റൊരാളുമായി താരതമ്യപ്പെടുത്തുന്നത് ആർക്കും സഹിക്കാനാവില്ല. പുതിയ പങ്കാളിയുമൊത്ത് ജീവിതം തുടങ്ങുമ്പോൾ പ്രത്യേകം ഓർക്കേണ്ട കാര്യമാണിത്. പഴയ വിവാഹത്തിൽ സംഭവിച്ചത് എന്തുമായിക്കൊള്ളട്ടെ, അതിന്റെ ഓർമ്മകളെ പുതിയ വിവാഹത്തിലേയ്ക്കു വലിച്ചിഴയ്ക്കരുത്.

മുൻ വിവാഹത്തിന്റെ ഓർമ്മകൾ പൂർണ്ണമായും തുടച്ചുനീക്കാൻ സാധ്യമല്ല. പക്ഷേ യാതൊരു കാരണവശാലും പുതിയ പങ്കാളിയുടെ മുൻപിൽ ഇടയ്ക്കിടെ ഇക്കാര്യങ്ങൾ പറയാതിരിക്കുക. നിങ്ങൾ ഇപ്പോഴും മുൻവിവാഹത്തിൽ ജീവിക്കാനാണ് ഇഷ്ടപ്പെടുന്നതെന്ന തോന്നൽ അവരെ ഏറെ വേദനിപ്പിക്കും.

മുൻ പങ്കാളിയ്ക്കുണ്ടായിരുന്ന പല ഗുണങ്ങളും പുതിയ പങ്കാളിയ്ക്ക് ഉണ്ടാവണമെന്നില്ല. വിവാഹശേഷം ഇക്കാര്യം നിങ്ങൾ തിരിച്ചറിയുമെങ്കിലും ഒരിക്കലും അത് അവരോട് ആ രീതിയിൽ തുറന്നു പറയാതിരിക്കുക. പകരം ഇങ്ങനെ ചെയ്യുന്നതാണ് എനിക്ക് ഇഷ്ടം എന്നു സൂചിപ്പിച്ചാൽ പ്രശ്നം പരിഹരിക്കാം.

ആദ്യവിവാഹത്തിൽ നിന്ന് എല്ലാം പഠിച്ചു എന്ന മനോഭാവത്തോടെ ഒരിക്കലും വീണ്ടും വിവാഹത്തിന് ഒരുങ്ങരുത്. ആദ്യ വിവാഹത്തിലെ സാഹചര്യങ്ങളോ വെല്ലുവിളികളോ ആയിരിക്കില്ല പുനർവിവാഹത്തിൽ നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വരുന്നത്. ആദ്യ വിവാഹത്തിന്റെ നിന്ന് പൂർണ്ണമായും മോചനം നേടിയ ശേഷം ഒരു പുതിയ അധ്യായത്തിലേയ്ക്കു കടക്കുന്ന മനോഭാവത്തോടെ വേണം പുനർവിവാഹത്തെ സമീപിക്കാൻ. എങ്കിൽ ആദ്യ വിവാഹത്തിലെ കയ്പ്പേറിയ ഓർമ്മകൾ തുടച്ചു മാറ്റി സ്നേഹസമൃദ്ധമായ പുതിയ ജീവിതം കെട്ടിപ്പടുക്കാൻ നിങ്ങൾക്കു സാധിക്കും.



(ഈ ലേഖനത്തിൽ പരാമർശിക്കുന്ന പേരുകൾ യഥാർത്ഥമല്ല)